(എ) കേരളാ ഗവൺമെൻറ് ഗ്രാൻറുകളും സംഭാവനകളും നൽകിയതിൽ നിയമലംഘനങ്ങൾ നടത്തിയതായി ആഡിറ്റർ ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നുള്ളത് വാസ്തവമാണോ;

(ബി) ആഡിറ്റർ ജനറലിൻെറ അഭിപ്രായമനുസരിച്ച് ഗവൺമെൻറ് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുകയുണ്ടായോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): (എ) പൊതുവായ ഒരു ചോദ്യമായതുകൊണ്ട് നിശ്ചിതമായ ഉത്തരം പറയാൻ പ്രയാസമുണ്ട്. ഏത് കാലത്ത്, എന്തിനെ സംബന്ധിച്ചാണ് എന്നു പ്രത്യേകമായി ചോദിച്ചാൽ വിവരം ആരാഞ്ഞ് മറുപടി നൽകാൻ കഴിയും.

(ബി) ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി നൽകുന്ന ശുപാർശകളിൻമേൽ ഗവൺമെൻറ് യുക്തമായ നടപടികൾ സാധാരണ സ്വീകരിക്കുന്നുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ ഗവൺമെൻറ് 1978-79 ൽ ഗ്രാൻറ് വിനിയോഗം സംബന്ധിച്ച് 7848 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 6,53,000,00 രൂപയ്ക്ക് ഉള്ളതു നൽകിയിട്ടില്ലാ എന്നു ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ ആക്ഷേപമുന്നയിച്ചിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: നോട്ടീസുവേണം

ശ്രീ, എൻ, ഐ, ദേവസ്സിക്കുട്ടി: ലോക മലയാള സമ്മേളനത്തിന് ഈ ഗവൺമെൻറ് എത്ര സംഖ്യ ഗ്രാൻറ് ആയി കൊടുത്തു, അതിൽ എത്ര സംഖ്യ വിനിയോഗിച്ചു, ബാക്കി എത്ര സംഖ്യ വിനിയോഗിക്കുവാനുണ്ട്, നിയമം അനുസരിച്ച് പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: അതാണ് നേരത്തെ പറഞ്ഞത്, വ്യക്തമായി ഇന്നതാണെന്നു പറഞ്ഞാൽ ആരാഞ്ഞു മറുപടി നൽകാമെന്ന്.

(ii) രേഖാമൂലം നൽകുന്ന ചോദ്യോത്തരങ്ങൾ

ഡ്രിൽമാസ്റ്റർമാർക്ക് റീ-ഓറിയന്റേഷൻ കോഴ്സ്

*322 [339] ശ്രീ. ജി. പി. മംഗലത്തു മഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തില്ലാത്ത റീ-ഓറിയന്റേഷൻ കോഴ്സ് ഹൈസ്കൂളിലെ ഡ്രിൽമാസ്റ്റർമാർക്ക് വേണമെന്നു നിർദ്ദേശിക്കുവാൻ പ്രത്യേക കാരണം എന്തെങ്കിലും ഉണ്ടോ;

(ബി) ഡ്രിൽ മാസ്റ്റർ ആകുവാനുള്ള എല്ലാ യോഗ്യതകളും ഉണ്ടായിട്ടും റീ-ഓറിയന്റേഷൻ കോഴ്സു മാത്രം ഇല്ലായെന്നുള്ള കാരണത്താൽ എത്ര ഡ്രിൽ മാസ്റ്റർമാരുടെ നിയമനം അംഗീകരിക്കാതെ ഇന്നു നിലവിലുണ്ട്, അവർക്ക് എക്സംപ്ഷൻ കൊടുത്ത് നിയമനം അംഗീകരിക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദ് കോയ):

(എ,ബി) ഡ്രിൽ മാസ്റ്റർമാർക്ക് പൊതുവിൽ റീ-ഓറിയന്റേഷൻ കോഴ്സ് പാസാകണമെന്ന നിർദ്ദേശം ഇല്ല. എന്നാൽ ഭാരത സർക്കാരിന്റെ നിർദ്ദേശപ്രകാരം വിമുക്ത ഭടൻമാരിൽ പ്രതിരോധ സർവ്വീസുകളിലെ ഫിസിക്കൽ ട്രെയിനിംഗ് കോഴ്സുകളും പാസായിട്ടുള്ളവരെ നാലു മാസത്തെ റീ-ഓറിയന്റേഷൻ കോഴ്സ് കഴിഞ്ഞിട്ടു മാത്രമേ, സ്കൂളുകളിൽ ഫിസിക്കൽ ഇൻസ്ട്രക്റ്റർമാരായി നിയമിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയുണ്ട്. പ്രസ്തുത റീ-ഓറിയന്റേഷൻ കോഴ്സ് ഇല്ലാ എന്ന ഏക കാരണത്താൽ എത്ര പേരുടെ നിയമനം അംഗീകരിക്കാതെയുണ്ടെന്നുള്ള വിവരം ലഭ്യമല്ല. ഇങ്ങനെയുള്ള കേസുകളും ഗവൺമെന്റ് തലത്തിൽ ഓരോന്നും പരിശോധിച്ചു അർഹമായവയിൽ എക്സംപ്ഷൻ കൊടുത്തു വരുന്നുണ്ട്.

കണ്ണൻദേവൻ കമ്പനിയിൽ നിന്നും ഏറ്റെടുത്ത ഭൂമി

*323 [340] ശ്രീ. പി. ശങ്കർ:

ശ്രീ. സി. എ. കുര്യൻ:

ശ്രീ. എം. കെ. കേശവൻ:

ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും ഏറ്റെടുത്ത ഭൂമിയിൽ ഒരു ഹെക്റ്റർ ഭൂമി വീതം കൊടുക്കുവാൻ 767 പേരെ തെരഞ്ഞെടുത്തിരുന്നോ;

(ബി) ഇവരുടെ പ്പോട്ടു നിശ്ചയിച്ചു കൊടുത്തുകൊണ്ട്. ഇവരെ കുടിയിരുത്തുവാൻ തുടങ്ങിയപ്പോഴും ഈ നടപടികളും സ്റ്റേ ചെയ്യുവാനുണ്ടായ സാഹചര്യങ്ങളും എന്തായിരുന്നു;

(സി) ഭരണ-പ്രതിപക്ഷ കക്ഷികളും ഈ സ്റ്റേ പിൻവലിക്കണമെന്നു കൂട്ടായി നിവേദനം നടത്തിയിരുന്നോ;

(ഡി) ഇടുക്കി ജില്ലാ വികസന സമിതി യോഗവും ഈ സ്റ്റേ പിൻവലിക്കണമെന്ന് ഒരു പ്രമേയം മൂലം ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ ബേബിജോൺ):

(എ) ഭൂമി പതിച്ചുകൊടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നവരിൽനിന്ന് 787 പേരെ താൽക്കാലികമായി തെരഞ്ഞെടുത്തു.

(ബി) ഭൂമി പതിച്ചു കൊടുക്കുവാൻ ആളുകളെ തിരഞ്ഞെടുത്തതിൽ പാകപ്പിഴകളും വന്നിട്ടുണ്ടെന്നു കാണിച്ച് നിവേദനങ്ങളും കിട്ടിയതുകൊണ്ടാണ് ഭൂമി പതിച്ചു കൊടുക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാൻ ഉത്തരവു നൽകിയത്.

(സി) നിവേദനങ്ങളും കിട്ടിയിട്ടുണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly